2024
JANUARY
19
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ഗുജറാത്തിൽ ബോട്ട് മറിഞ്ഞു: 16 മരണം

**വഡോദര:** ഗുജറാത്തിൽ വഡോദര നഗരത്തിനു സമീപം പിക്നിക് നടത്തിയ സ്കൂൾ സംഘം കയറിയ ബോട്ട് മറിഞ്ഞ് 16 മരണം. മരിച്ചവരിൽ 14 പേർ വിദ്യാർഥികളാണ്, 2 പേർ അധ്യാപകരും. പാനിഗേറ്റിലെ ന്യൂ സൺറൈസ് സ്കൂളിലെ 27 വിദ്യാർഥികളും 4 ടീച്ചർമാരുമടങ്ങിയ സംഘമാണ് വൈകിട്ട് 4.30ന് ഹർണി തടാകത്തിൽ ബോട്ടിൽ യാത്ര തുടങ്ങിയത്. ബോട്ടിൽ അനുവദനീയമായത് 16 യാത്രക്കാർ മാത്രമായിരുന്നു.

യാത്രക്കാരിൽ 7 പേരെ രക്ഷിച്ചു. ബാക്കിയുള്ളവർക്കായി തിരച്ചിൽ തുടരുകയാണ്. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ അപകടസ്ഥലം സന്ദർശിച്ചു. ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചിച്ചു. മരിച്ചവരുടെ ബന്ധുക്കൾക്ക് 2 ലക്ഷം രൂപയും പരുക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചു.

## ഡൽഹിയിൽ തീപിടിത്തം; ആറുപേർ കൊല്ലപ്പെട്ടു

**ന്യൂഡൽഹി:** വടക്കുപടിഞ്ഞാറൻ ഡൽഹിയിൽ ബഹുനില മന്ദിരത്തിന് തീപിടിച്ച് ആറുപേർ കൊല്ലപ്പെട്ടു. ഒരാൾക്ക് പരിക്കേറ്റു. പിതാംപുര മേഖലയിലാണ് സംഭവമുണ്ടായത്.

കെട്ടിടത്തിൻറെ ഒന്നാം നിലയിലാണ് തീപിടിത്തമുണ്ടായത്. തുടർന്ന് കടുത്ത പുക കെട്ടിടത്തിൻറെ മറ്റ് ഭാഗങ്ങളിലേക്ക് പടരുകയായിരുന്നു.

അഗ്നിശമനസേനയുടെ നിരവധി യൂണിറ്റുകളെത്തിയാണ് തീ നിയന്ത്രണവിധേയമാക്കിയത്. തീപിടിത്തത്തിൻറെ കാരണം ഇതുവരെ കണ്ടെത്താനായിട്ടില്ല.

ലോക്കൽ പോലീസിൻറെ സഹായത്തോടെ ഏഴുപേരെ രക്ഷപ്പെടുത്തി ബാബു ജഗ്ജീവൻ റാം ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എന്നാൽ ഇവരിൽ നാല് സ്ത്രീകളുൾപ്പെടെ ആറ് പേർ മരിക്കുകയായിരുന്നു. 20നും 60നും ഇടയിൽ പ്രായമുള്ളവരാണ് മരിച്ചത്.

## ആയുധക്കരുത്തുകാട്ടി ഇറാനും പാക്കിസ്ഥാനും; കലുഷിതം മധ്യപൂർവേഷ്യ

**ന്യൂഡൽഹി:** ഇസ്രയേൽ ഗാസയിൽ നടത്തുന്ന സൈനികനീക്കങ്ങളുടെയും ഹൂതികൾ ചെങ്കടലിൽ നടത്തുന്ന ആക്രമണങ്ങളുടെയും ഭാഗമായി കലുഷിതമായ മധ്യപൂർവേഷ്യൻ മണ്ണിൽ പാക്കിസ്ഥാനും ഇറാനും തമ്മിലുള്ള പോര് സ്ഥിതി കൂടുതൽ വഷളാക്കുന്ന അവസ്ഥയാണു സംജാതമാക്കിയിരിക്കുന്നത്. കഴിഞ്ഞ ഒരാഴ്ചയ്ക്കുള്ളിൽ ഇരുരാജ്യങ്ങളും നടത്തിയ വ്യോമാക്രമണങ്ങളിൽ 11 പേരാണു മരിച്ചത്. 4 കുട്ടികൾ ഉൾപ്പെടെ 9 പേർ ഇറാനിലും രണ്ടു കുട്ടികൾ പാക്കിസ്ഥാനിലും മരിച്ചുവെന്നാണ് ഔദ്യോഗിക അറിയിപ്പ്.

പാക്കിസ്ഥാനിലെ ബലൂചിസ്ഥാൻ പ്രവിശ്യയിൽ പ്രവർത്തിക്കുന്ന ഭീകര സംഘടനയായ ജയ്ഷ് എൽ അദ്‌ലിന്റെ രണ്ടു കേന്ദ്രങ്ങൾ ഉന്നമിട്ടാണ് ഇറാൻ ആക്രമണം നടത്തിയതെന്നാണ് വിവരം. ഈ ഭീകര സംഘടനയുടെ നേതൃത്വത്തിൽ ഇറാന്റെ സുരക്ഷാ വിഭാഗങ്ങൾക്കെതിരെ അടുത്തിടെ ആക്രമണം വ്യാപകമായിരുന്നു. ഇതിനുള്ള തിരിച്ചടിയാണ് ഇറാന്റെ



മിസൈൽ ആക്രമണമെന്നു കരുതുന്നു. ഇതിനു തിരിച്ചടിയെന്ന തരത്തിൽ ഇറാനിൽ കടന്ന് ആക്രമണം നടത്തിയതായി പാക്കിസ്ഥാൻ വ്യക്തമാക്കി. ഇറാനിലെ സിസ്താനിലെയും ബലൂചിസ്ഥാൻ പ്രവിശ്യയിലെ സരവൻ നഗരത്തിനു സമീപമുള്ള ബലൂചിസ്ഥാൻ ലിബറേഷൻ ഫ്രണ്ട്, ബലൂചിസ്ഥാൻ ലിബറേഷൻ ആർമി എന്നീ ബലൂച് വിഘടനവാദി ഗ്രൂപ്പുകളുടെ താവളങ്ങൾക്കു നേരെയും പാക്കിസ്ഥാൻ വ്യോമാക്രമണം നടത്തിയതായി പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.മേഖലയിലെ സംഘർഷത്തെ ഏറെ ഗൗരവത്തോടെയാണ് ഇന്ത്യയും ചൈനയും ഉൾപ്പെടെയുള്ള രാജ്യങ്ങൾ സമീപിച്ചിരിക്കുന്നത്. ഇരുരാജ്യങ്ങളും സംയമനം പാലിക്കണമെന്ന് ചൈന ആവശ്യപ്പെട്ടു. ഇരുരാജ്യങ്ങളുമായി അടുപ്പമുള്ള ചൈനയ്ക്ക് പുതിയ സംഭവവികാസങ്ങളിൽ ആരുടെ ഭാഗത്തുനിൽക്കണമെന്ന് തലവേദനയായിരിക്കുകയാണ്. ഇറാനിൽനിന്നാണ് ചൈന ഏറിയ പങ്കും എണ്ണ ഇറക്കുമതി ചെയ്യുന്നത്. എന്നാൽ ഇറാനും പാക്കിസ്ഥാനും തമ്മിലുള്ള പ്രശ്നമാണിതെന്നും സ്വയം പ്രതിരോധത്തിനായി രാജ്യങ്ങൾ സ്വീകരിക്കുന്ന നടപടികൾ മനസിലാക്കുന്നുവെന്നുമാണ് ഇന്ത്യ പ്രതികരിച്ചത്. 48 മണിക്കൂറിനുള്ളിൽ മൂന്നു രാജ്യങ്ങളുടെ അതിർത്തി ലംഘിച്ച ഇറാന്റെ നടപടിയെ വിമർശിച്ച് അമേരിക്ക രംഗത്തെത്തി. മേഖലയിൽ ഭീകരർക്ക് ധനസഹായം നൽകുന്ന ഇറാൻ മറ്റൊരു ഭാഗത്ത് ഭീകരവിരുദ്ധ നീക്കങ്ങൾ നടത്തുന്നുവെന്ന് അവകാശപ്പെടുകയാണെന്ന് വിദേശകാര്യ വകുപ്പ് വക്താവ് മാത്യു മില്ലർ പറഞ്ഞു.

## ദേശീയ സ്റ്റാർട്ടപ്പ് റാങ്കിങ്: കേരളം ഒന്നാമത്

**തിരുവനന്തപുരം:** കേന്ദ്ര വാണിജ്യ മന്ത്രാലയവും സ്റ്റാർട്ടപ്പ് ഇന്ത്യയും സംയുക്തമായി ഏർപ്പെടുത്തിയ ദേശീയ സ്റ്റാർട്ടപ്പ് റാങ്കിങ്ങിൽ ബെസ്റ്റ് പെർഫോർമർ പുരസ്കാരം കേരളത്തിന്.

കഴിഞ്ഞ മൂന്ന് തവണയായി ടോപ്പ് പെർഫോമർ പുരസ്കാരം കരസ്ഥമാക്കുന്ന കേരളം ഇതാദ്യമായാണ് ദേശീയ സ്റ്റാർട്ടപ്പ് രംഗത്തെ പരമോന്നത പുരസ്കാരം സ്വന്തമാക്കുന്നത്. ദേശീയ സ്റ്റാർട്ടപ്പ് ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര വാണിജ്യ മന്ത്രി പീയൂഷ് ഗോയലാണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

സ്റ്റാർട്ടപ്പുകൾ, വിദ്യാർഥികൾ, വനിതാ സംരംഭകർ എന്നിവർക്ക് നൽകുന്ന സ്ഥാപിതമായ പിന്തുണ, സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപകരുമായി നേരിട്ട് ബന്ധപ്പെടാനുള്ള അവസരമൊരുക്കുന്ന ഇഗ്നൈറ്റ് കാലിക്കറ്റ് പോലുള്ള പരിപാടികൾ, ഗ്രാമീണ മേഖലകളിൽ ആശാവഹമായ മാറ്റം കൊണ്ടുവരാൻ ശ്രമിക്കുന്ന സ്റ്റാർട്ടപ്പുകൾക്കുള്ള പ്രോത്സാഹനം എന്നിവയാണ് കേരളത്തെ ബെസ്റ്റ് പെർഫോർമർ പുരസ്



കാരത്തിലേക്ക് എത്തിച്ചത്.

വിഭവശേഷി വികസനം, നിക്ഷേപ നേതൃത്വം, സംഭരണ നേതൃത്വം, സുസ്ഥിര വികസനം, ഇൻകുബേഷൻ, മെൻററ്ഷിപ്പ് സേവനങ്ങൾ, നൂതനത്വം, മികച്ച സ്ഥാപനം എന്നീ മേഖലകളിൽ കേരളത്തിൻറെ മികവ് അംഗീകരിക്കപ്പെട്ടു. ചടുലമായ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിന് പ്രതിബദ്ധമായ നടപടികളും നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഇൻകുബേഷൻ സംവിധാനങ്ങളും മികച്ച സ്റ്റാർട്ടപ്പ് നിക്ഷേപങ്ങളുമാണ് ഈ അംഗീകാരത്തിലേക്ക് നയിച്ച ഘടകങ്ങളെന്ന് കെഎസ്‌യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. 2022ൽ കേന്ദ്രം നിർദേശിച്ച ഏഴ് പരിഷ്കരണ മേഖലകളിലും കേരളം ഒന്നാമതെത്തിയിരുന്നു. സ്റ്റാർട്ടപ്പ് വികസനത്തിൻറെ കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച പ്രതിബന്ധങ്ങളില്ലാത്തതും വിട്ടുവീഴ്ചയില്ലാത്തതുമായ സമീപനത്തിൻറെ പ്രതിഫലനമാണിതെന്നും അദ്ദേഹം പറഞ്ഞു.

മൊത്തം 5000ത്തിലധികം സ്റ്റാർട്ടപ്പുകളാണ് കെഎസ്‌യുഎമ്മിൽ രജിസ്റ്റർ ചെയ്തത്. ഇതിൽ 240ലധികം വിപണി പ്രവേശനം നടത്തിക്കഴിഞ്ഞു. നൂറിലധികം സ്റ്റാർട്ടപ്പുകൾ വനിതാ സംരംഭകരുടേതാണ്. 14 ജില്ലകളിലുമായി 50ലധികം ഇൻകുബേറ്ററുകൾ പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാർ ജീവനക്കാർക്കായി അഞ്ചിലേറെ അവബോധന പരിപാടികൾ, നിക്ഷേപ സമാഹരണത്തിനായി 15ലേറെ പദ്ധതികൾ, പുനരുപയോഗ ഊർജം, സുസ്ഥിരത, കാലാവസ്ഥാ വ്യതിയാനം എന്നിവയിലൂന്നിയ 40ൽപ്പരം സ്റ്റാർട്ടപ്പുകൾ, ഗ്രാമീണ വികസനത്തിലൂന്നിയ 40ൽപ്പരം സ്റ്റാർട്ടപ്പുകൾ എന്നിവയാണ് കേരള സ്റ്റാർട്ടപ്പ് മിഷനിലുള്ളത്.





ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി (ഐഐഐടി കോട്ടയം) യുടെ സാറ്റ്ലൈറ്റ് സെന്റർ കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചതിന്റെ ഭാഗമായി നടത്തിയ വാർത്താ സമ്മേളനത്തിൽ ഐഐഐടി കോട്ടയം ഡയറക്ടർ ഡോ.രാജീവ് വി. ധരസ്കർ സംസാരിക്കുന്നു. കോട്ടയം രജിസ്ട്രാർ ഡോ. എം.രാധാകൃഷ്ണൻ, സെന്റർ ഇൻ ചാർജ് ഡോ. രാകേഷ്, ഡീൻ ഡോ. എബിൻ ഡെനിരാജ് സമീപം

# ഐഐഐടി സാറ്റ്ലൈറ്റ് സെന്റർ കൊച്ചിയിൽ ആരംഭിച്ചു

**കൊച്ചി:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി (ഐഐഐടി കോട്ടയം) യുടെ സാറ്റ്ലൈറ്റ് സെന്റർ കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചു.

കൊച്ചി മാധവ ഫാർമസി ജംഗ്ഷനിലെ വിദ്യാനികേതൻ ക്യാംപസിലാണ് പുതിയ ഐഐഐടി സാറ്റ്ലൈറ്റ് സെന്റർ. വിവര സാങ്കേതിക രംഗത്തെ നൂതന കോഴ്സുകൾ സാധാരണക്കാർക്ക് കൂടി പ്രാപ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഐഐഐടിയുടെ പുതിയ സാറ്റ്ലൈറ്റ് സെന്റർ പ്രവർത്തനമാരംഭിക്കുന്നതെന്ന് ഐഐഐടി കോട്ടയം ഡയറക്ടർ ഡോ.രാജീവ് വി. ധരസ്കർ, കോട്ടയം രജിസ്ട്രാർ ഡോ. എം.രാധാകൃഷ്ണൻ, എം.ജി, കണ്ണൂർ മുൻ വൈസ് ചാൻസലർ ഡോ.ബാബു സെബാസ്റ്റിയൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.വർക്കിംഗ് പ്രൊഫഷണലുകൾക്കും പ്ലസ്ടു പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കും അനുയോജ്യമായ വ്യത്യസ്ത കോഴ്സുകളാണ് ആദ്യ ഘട്ടത്തിൽ ഉള്ളത്. അന്താരാഷ്ട്ര തൊഴിൽ മേഖലയിൽ ഉയർന്ന ഡിമാന്റുള്ള പുതുതലമുറ കോഴ്സുകൾക്കാണ് കൂടുതൽ പ്രാമുഖ്യം നൽകുന്നതെന്നും ഇവർ പറഞ്ഞു.വർക്കിംഗ് പ്രൊഫഷണലുകൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജന്റസ് ആന്റ് ഡാറ്റാ സയൻസ്,സൈബർ സെക്യൂരിറ്റി, ബിഗ് ഡാറ്റയും മെഷീൻ ലേണിംഗും ഉൾപ്പെടുന്ന കംപ്യൂട്ടർ സയൻസ് ആന്റ് എൻജിനീയറിംഗ് ലേണിംഗ് എന്നീ വിഷയങ്ങളിൽ മൂന്ന്,അഞ്ച് വർഷക്കാലയളവിൽ പൂർത്തിയാക്കാൻ കഴിയുന്ന എം ടെക് കോഴ്സും ആർട്ട്ഫിഷൽ ഇന്റലിജന്റസ് ആന്റ് ഡാറ്റാ സയൻസ് വിഷത്തിൽ ആറ്,10 വർഷക്കാലയളവിൽ പൂർത്തിയാക്കാൻ കഴിയുന്ന ഇന്റഗ്രേറ്റഡ് എം.ടെക് കോഴ്സുമാണ് ആരംഭിക്കുന്നത്.

ആർട്ടിഫിഷൽ ഇന്റലിജന്റസിൽ പ്ലസ്ടുക്കാർക്ക് അനുയോജ്യമായ കോഴ്സുകൾക്ക് പുറമേ ഇന്റഗ്രേറ്റഡ് എം.ടെകും സാധ്യമാണ്.ഓൺലൈൻ, ഓഫ്ലൈൻ, ഹൈബ്രിഡ് രീതിയിലുള്ള ക്ലാസുകൾക്ക് പുറമേ ആത്യാധുനിക രീതിയിലുള്ള ലാബ് സൗകര്യവും പ്രോഗ്രാമിന്റെ പ്രത്യേകതയാണ്. പ്ലസ്ടു വിജയികൾ മുതൽ ബിരുദാനന്തര ബിരുദതലം വരെയുള്ളവർക്കും പഠനത്തിനൊപ്പം മികച്ച തൊഴിലവസരം നേടാൻ കഴിയും.ക്രെഡിറ്റ് ട്രാൻസ്ഫർ സൗകര്യമുള്ള കോഴ്സുകളായതിനാൽ വിദേശ രാജ്യങ്ങളിൽ ആധുനിക കോഴ്സുകൾ പഠിക്കാൻ പോകുന്ന വിദ്യാർത്ഥികൾക്ക് ബ്രിഡ്ജിംഗ് കോഴ്സ് എന്ന രീതിയിൽ പ്രയോജനം ചെയ്യും. വിദ്യാർഥികൾക്കും വർക്കിംഗ് പ്രൊഫഷണലുകൾക്കും വീക്ക് ഡേ, വീക്ക് എൻഡ്, ഈവനിംഗ് എന്ന ഓപ്ഷനുകളിൽ വ്യത്യസ്ത ബാച്ചുകളാണ് ഒരുക്കിയിരിക്കുന്നത്. ഇന്റേൺഷിപ്പിനുള്ള സൗകര്യവും കൊച്ചി സാറ്റ്ലൈറ്റ് സെന്ററിൽ ഒരുക്കിയിട്ടുണ്ട്. ഫെബ്രുവരി രണ്ടാം വാരം മുതൽ ക്ലാസുകൾ ആരംഭിക്കും. ആദ്യം അപേക്ഷിക്കുന്നവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്കായിരിക്കും ഫെബ്രുവരി ബാച്ചിൽ പ്രവേശനം ലഭിക്കുക.അഡ്മിഷനും കൂടുതൽ വിവരങ്ങൾക്കും https://satcetnre.iiitkottayam.ac.in/ എന്ന വെബ്സൈറ്റ് ലിങ്ക് സന്ദർശിക്കുകയോ 6236000837, 0778425530 എന്നീ നമ്പരുകളിൽ വിളിക്കുകയോ satcetnre@iiitkottayam.ac.in എന്ന ഇ മെയിൽ വിലാസത്തിൽ ബന്ധപ്പെടുകയോ ചെയ്യാം. സെന്റർ ഇൻ ചാർജ് ഡോ. രാകേഷ്, ഡീൻ ഡോ. എബിൻ ഡെനിരാജ് കോഴ്സ് ഫാക്കൽറ്റികളായ മനു മാധവൻ, ജോൺ, ഡോ.സുചിത്ര, അനുരൂപ്,ഡോ.അബിൻ,ഡോ.ലിൻസി എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ടയർ റീട്രേഡിംഗ്: സെമിനാർ നാളെ

**കൊച്ചി:** ഇൻഡ്യൻ റബ്ബർ ഇൻസ്റ്റിറ്റിയൂട്ട് (ഐ.ആർ.ഐ) കേരളാ ഘടകത്തിന്റെ നേതൃത്വത്തിൽ ടയർ റ്രീട്രേഡിംഗ് സാങ്കേതിക വിദ്യയിലെ സമീപകാല പ്രവണതകൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കി നാളെ (ജനുവരി 20, ശനി) കൊച്ചിയിൽ സെമിനാർ നടത്തും. പാലാരിവട്ടം റിണൈ ഹോട്ടലിൽ വൈകുന്നേരം 3.30 മുതൽ ആരംഭിക്കുന്ന സെമിനാറിൽ ടയർ വ്യവസായത്തിലെ പ്രമുഖരായ പി.കെ ഉണ്ണികൃഷ്ണൻ, ഡോ.റാണി ജോർജ്ജ്. ചാണ്ടിസൺ കുര്യാക്കോസ്, പി.എസ് കണ്ണൻ,അബ്ദുൾ സമദ് തുടങ്ങിയവർ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ സംസാരിക്കുമെന്ന് ഐ.ആർ.ഐ കേരള ഘടകം ചെയർമാൻ ടി.ആർ ഗോപാലകൃഷ്ണൻ, സെക്രട്ടറി ശംഭു നമ്പൂതിരി എന്നിവർ അറിയിച്ചു.

# തനിഷ്കിന്റെ ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സ്



**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ജ്വല്ലറി റീട്ടെയിൽ ബ്രാൻഡായ തനിഷ്ക് ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിന് തുടക്കം കുറിച്ചു. വൈവിധ്യമാർന്ന വജ്രാഭരണങ്ങളുടെ ശേഖരമാണ് ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിൻറെ ഭാഗമായി തനിഷ്ക് ഒരുക്കുന്നത്.

പ്രത്യേകമായി രൂപകൽപ്പന ചെയ്തു സജ്ജമാക്കിയ കമ്മലുകൾ, ബ്രേസ്ലെറ്റുകൾ, നെക്ലേസുകൾ, മോതിരങ്ങൾ തുടങ്ങി നിരവധി അത്യാകർഷങ്ങളായ വജ്രാഭരണങ്ങളാണ് ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിൻറെ ഭാഗമായി ലഭ്യമാക്കിയിരിക്കുന്നത്. 15,000 രൂപ മുതലാണ് വില ആരംഭിക്കുന്നത്.ഡയമണ്ട് ആഭരണങ്ങളുടെ മൂല്യത്തിൽ 20 ശതമാനം കിഴിവും ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിൻറെ ഭാഗമായി തനിഷ്ക് നല്കുന്നുണ്ട്. കൂടാതെ പുതിയ ഡയമണ്ട് ആഭരണങ്ങൾ വാങ്ങുമ്പോൾ ഉപഭോക്താക്കൾക്ക് അവരുടെ പഴയ സ്വർണം 100 ശതമാനം മൂല്യത്തിൽ കൈമാറ്റം ചെയ്യാനും കഴിയും.


വ്യത്യസ്തമായ അഭിരുചികൾക്കനുസരിച്ച് ഉന്നതമായ ഗുണമേൻമയുള്ള ഡയമണ്ട് ആഭരണങ്ങൾ ശേഖരിക്കാനുള്ള അസുലഭമായ അവസരമാണ് ഡയമണ്ട് പ്രേമികൾക്കായി ഫെസ്റ്റിവൽ ഓഫ് ഡയമണ്ടിലൂടെ തനിഷ്ക് ഒരുക്കുന്നത്. തനിഷ്ക് ഷോറൂമുകളിൽ നിന്നും നേരിട്ടോ അല്ലെങ്കിൽ തനിഷ്കിൻറെ www.tanishq.co.in/festivalofdiamond എന്ന വെബ്സൈറ്റ് വഴി ഓൺലൈനായോ ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സ് ആഭരണങ്ങൾ വാങ്ങിക്കാവുന്നതാണ്.

# കേരളത്തിന്റെ ഉരുൾപൊട്ടൽ സാധ്യത: മാപ്പ് തയ്യാറാക്കി കുഫോസ് ശാസ്ത്രജ്ഞർ

**കൊച്ചി:** കേരളത്തിൽ ഉരുൾപൊട്ടലും മലയിടിച്ചലും സംഭവിക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളുടെ മാപ്പ് നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യയിലൂടെ തയ്യാറാക്കുന്നതിൽ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിലെ (കുഫോസ്) ശാസ്ത്രജ്ഞർ വിജയിച്ചു. 2017 മുതൽ 2020 വരെയുള്ള കാലയളവിൽ നടത്തിയ ബഹിരാകാശ നിരീക്ഷണ ഫലങ്ങളിൽ നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയ ഡീപ് ലേണിങ് ടെക്നോളജി ഉപയോഗിച്ച് നടത്തിയ അപഗ്രഥത്തിന് ഒടുവിലാണ് കേരളത്തിന്റെ ഉരുൾപൊട്ടൽ സാദ്ധ്യത മാപ്പ് കൃത്യമായി തയ്യാറാക്കിയത്. കുഫോസിലെ ക്ളൈമറ്റ് വാരിയബിലിറ്റി ആന്റ് അകാറ്റിക് ഇക്കോ സിസ്റ്റംസ് വിഭാഗം മേധാവി ഡോ.ഗിരീഷ് ഗോപിനാഥ് ഗവേഷണത്തിന് നേതൃത്വം നൽകി. ഗവേഷണ വിദ്യാർത്ഥിയായ എ.എൽ.അച്ചുവും പഠനത്തിൽ പങ്കെടുത്തു.

പൂനെയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മെറ്റിയോറോളജിയും അമേരിക്കയിലെ മിഷിഗൺ ടെക്നിക്കൽ യൂണിവേഴ്സിറ്റിയും പഠനത്തിന് സാങ്കേതിക സഹായം നൽകി.പഠന റിപ്പോർട്ട് അനുസരിച്ച് കേരളത്തിന്റെ 13 ശതമാനം പ്രദേശങ്ങൾ ഉയർന്ന തോതിൽ ഉരുൾപൊട്ടൽ ഭീഷണിയിലാണ്.

ഇടുക്കി, പത്തനംതിട്ട,പാലക്കാട്,മലപ്പുറം, വയനാട് ജില്ലകളിലാണ് ഇതിൽ ഭൂരിഭാഗം പ്രദേശങ്ങളും. കനത്ത മഴയോടൊപ്പം അശാസ്ത്രീയമായ ഭൂവിനിയോഗം, റോഡ് നിർമ്മാണത്തിനായി കുത്തനെ മല ഇടിക്കുന്നത്, വൻതോതിലുള്ള മണ്ണെടുപ്പ്, നദികളുടെ ഒഴുക്കിലുണ്ടാകുന്ന വ്യതിയാനങ്ങൾ എന്നിവയാണ് ഈ ജില്ലകളിൽ അടിക്കടിയുണ്ടാകുന്ന ഉരുൾപൊട്ടലിന് കാരണം. 2018 ലെ പ്രളയത്തിന് കാരണമായ മഴ ഇടുക്കി, പത്തനംതിട്ട, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ ഉരുൾപൊട്ടൽ സാദ്ധ്യത 3.46 ശതമാനം വർദ്ധിപ്പിച്ചതായി പഠന റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.കേരളത്തിലെ ഹൈറേഞ്ചുകളിൽ 600 മീറ്ററിന് മുകളിൽ ഉയരമുള്ള സ്ഥലങ്ങളിൽ 31 ശതമാനവും ഉരുൾപൊട്ടലിന്റെ ഭീഷണിയാണ്. ഇതിൽ തന്നെ 10 ഡിഗ്രി മുതൽ 40 ഡിഗ്രി വരെ ചരിവുള്ള പ്രദേശങ്ങളിൽ ഉരുൾപൊട്ടൽ ഭീഷണി തോത് വളരെ കൂടുതലാണ്. അശാസ്ത്രീയമായ ഭൂവിനിയോഗവും മണ്ണെടുപ്പും തടയുക മാത്രമാണ് ഇവിടങ്ങളിൽ ഉരുൾപൊട്ടൽ ഒഴിവാക്കാനുള്ള പോംവഴിയെന്ന് കുഫോസ് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാർ പറഞ്ഞു.



# പ്രഥമ ഓഹരി വിൽപ്പനയ്ക്കാരുങ്ങി നോവ അഗ്രിടെക്ക്

**കൊച്ചി.** മുൻനിര കാർഷികോൽപ്പന്ന നിർമ്മാതാക്കളായ നോവ അഗ്രിടെക്ക് ലിമിറ്റഡിന്റെ പ്രഥമ ഓഹരി വിൽപ്പന (ഐപിഒ) ഈ മാസം 22ന് ആരംഭിക്കും. രണ്ട് രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരിയുടെ നിശ്ചിത വില 3941 രൂപയാണ്. ജനുവരി 24 ആണ് ക്ലോസിങ് തീയതി. ഏറ്റവും കുറഞ്ഞ ബിഡ് ലോട്ട് 365 ഇക്വിറ്റി ഓഹരികളാണ്. 11,200 ലക്ഷം രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും, ഓഹരിയുടമയായ നുടലപതി വെങ്കടസുബ്ബറാവുവിന്റെ കൈവശമുള്ള 77,58,620 ഓഹരികളുമാണ് ഐപിഒയിലൂടെ വിറ്റഴിക്കുന്നത്. ഐപിഒയിലൂടെ സമാഹരിക്കുന്ന ഫണ്ട് മൂലധന ആവശ്യങ്ങൾക്കും പുതിയ പ്ലാന്റ് നിർമ്മിക്കുന്നതിനും പൊതു കോർപറേറ്റ് ആവശ്യങ്ങൾക്കുമായി വിനിയോഗിക്കും.

# ഫെയ്സ്‌വാഷ് വിപണിയിലിറക്കി വി.എൽ.സി.സി




**കൊച്ചി:** വിഎൽസിസി, ഇന്ത്യയിൽ ആദ്യമായി സെറം അടങ്ങിയ ഫെയ്സ്‌വാഷ് വിപണിയിലെത്തിച്ചു. മുഖത്തെ ചർമത്തിന്റെ സൗന്ദര്യം നിലനിർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്ന ഘടകങ്ങളായ സാലിസിലിക് ആസിഡ്, വിറ്റാമിൻ സി, ഹയാലുറോണിക് ആസിഡ് എന്നീ വിശേഷപ്പെട്ട നീരുകൾ കൂട്ടിച്ചേർത്താണ് പുതിയ ഫെയ്സ്‌വാഷുകൾ അവതരിപ്പിക്കുന്നതെന്ന് വിഎൽസിസി അധികൃതർ വ്യക്തമാക്കി. വ്യത്യസ്തമായ എട്ട് തരം ഫെയ്സ്‌വാഷുകളാണ് വിപണിയിലെത്തുന്നത്.മൂന്ന് തരം ചർമങ്ങൾക്കുള്ള പ്രത്യേക ശ്രേണികളിൽ ഫെയ്സ്‌വാഷ് ലഭ്യമാണ്.


എണ്ണമയമുള്ള മുഖചർമമുള്ളവർക്കും എപ്പോഴും മുഖക്കുരുക്കൾ ഉണ്ടാകുന്നവർക്കും വേണ്ടി സാലിസിലിക് ആസിഡ് സെറമടങ്ങിയ ഫെയ്സ്‌വാഷ് ഏറെ ഫലപ്രദമാണ്. വേപ്പ്, മഞ്ഞൾ, തുളസി, ഓറഞ്ച് എന്നിവയടങ്ങിയ നാല് പ്രത്യേക ഫെയ്സ്‌വാഷുകളിൽ ഒന്ന് തെരെഞ്ഞെടുക്കാവുന്നതാണ്. ശക്തിയേറിയ വിറ്റാമിൻ സി സെറം അടങ്ങിയ ഫെയ്സ്‌വാഷുകൾ എല്ലാത്തരം ചർമമുള്ളവർക്കും മുഖകാന്തി വർധിപ്പിക്കാനായി ഉപയോഗിക്കാവുന്നതാണ്. മൂന്ന് വ്യത്യസ്ത ചേരുവകളിൽ ലഭിക്കുന്ന ഈ ഫെയ്സ്‌വാഷുകൾ മുഖം കൂടുതൽ ചെറുപ്പമുള്ളതാക്കാനും സഹായിക്കും. വരണ്ട ചർമമുള്ളവർക്കാണ് ഹയാലുറോണിക് ആസിഡ് സെറമടങ്ങിയ ഫെയ്സ്‌വാഷുകൾ വിഎൽസിസി അവതരിപ്പിച്ചത്. ഹൈഡ്ര നറിഷ് ശ്രേണിയിലുള്ള ഈ ഫെയ്സ്‌വാഷുകൾ ഈർപ്പം നിലനിർത്തി, മുഖചർമത്തിന്റെ അകാലവാർധക്യം തടയാനും ചുളിവുകൾ കുറയ്ക്കാനും സഹായിക്കും. 99 മുതൽ 249 രൂപ വരെയാണ് ഇവയുടെ വില. വിഎൽസിസിയുടെ വെബ്സൈറ്റിൽ നിന്നും പ്രമുഖ കടകളിൽ നിന്നും രാജ്യത്തെവിടെയും ഫെയ്സ്‌വാഷുകൾ വാങ്ങാവുന്നതാണ്.

# പുതിയ ഫണ്ട് ഓഫറുമായി ഓൾഡ് ബ്രിഡ്ജ് മ്യൂച്വൽ ഫണ്ട്

**കൊച്ചി:** ഓൾഡ് ബ്രിഡ്ജ് മ്യൂച്വൽ ഫണ്ട് പുതിയ ഫണ്ട് ഓഫർ (എൻ എഫ് ഒ) അവതരിപ്പിക്കുന്നു. ഓൾഡ് ബ്രിഡ്ജ് ഫോക്കസ്ഡ് ഇക്വിറ്റി ഫണ്ട് എന്ന എൻഎഫ്ഒയിലെ സബ്സ്ക്രിപ്ഷൻ ഇന്ന് (ജനുവരി 19) അവസാനിക്കും. ഓപൺ എൻഡഡ് ഇക്വിറ്റി നിക്ഷേപ പദ്ധതിയിലെ ആദ്യ കുറഞ്ഞ എസ്ഐപി നിക്ഷേപം 2500 രൂപയാണ്. തുടർന്ന് ഒരു രൂപയുടെ ഗുണിതങ്ങളായി നിക്ഷേപം നടത്താം. 5000 രൂപയാണ് ലംപ്സം നിക്ഷേപത്തിനു കുറഞ്ഞ തുക.

പദ്ധതിയുടെ ബെഞ്ച്മാർക്ക് സൂചിക എസ്ആൻഡ്പി 500 ടിആർഐ. മുപ്പതോളം മൾട്ടി കാപ് കമ്പനികളിലാണ് ഫണ്ടിന്റെ നിക്ഷേപം. കെന്നത്ത് ആൻഡ്രേഡ്, തരംഗ് അഗർവാൾ എന്നിവരാണ് ഫണ്ട് മാനേജർമാർ. ആദ്യ ഇക്വിറ്റി ഫണ്ട് അവതരിരിപ്പിക്കുന്നതിൽ ഏറെ ആഹ്ളാദവും ആവേശവുമുണ്ടെന്നു ഓൾഡ് ബ്രിഡ്ജ് ക്യാപിറ്റൽ മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപക ഡയറക്ടറും ഓൾഡ് ബ്രിഡ്ജ് അസെറ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് സിഐഒ യുമായ കെന്നത്ത് ആൻഡ്രേഡ് പറഞ്ഞു. ദീർഘകാലാടിസ്ഥാനത്തിൽ മൂലധന നേട്ടമാണ് ഫണ്ടിന്റെ ലക്ഷ്യം.

# സാംസങ് ഗ്യാലക്സി എസ്24 സീരിസ് മൊബൈലുകൾ അവതരിപ്പിച്ചു




**കൊച്ചി:** പ്രമുഖ മൊബൈൽ ഫോൺ നിർമാതാക്കളായ സാംസങ് ഇലക്ട്രോണിക്സ് കമ്പനി ലിമിറ്റഡ് തങ്ങളുടെ ഏറ്റവും പുതിയ മോഡലുകളായ ഗ്യാലക്സി എസ്24 അൾട്ര, ഗ്യാലക്സി എസ്24+, ഗ്യാലക്സി എസ്24 മോഡലുകൾ അവതരിപ്പിച്ചു. മൊബൈൽ ഫോൺ ഉപയോക്താക്കളെ എങ്ങനെ ശാക്തീകരിക്കുന്നു എന്നതിനെ എന്നെന്നേക്കുമായി മാറ്റുന്ന ഒരു പുതിയ യുഗത്തിലേക്കാണ് ഗ്യാലക്സി എസ് സീരിസ് നയിക്കുന്നതെന്ന് സാംസങ് ഇലക്ട്രോണിക്സിലെ മൊബൈൽ എക്സ്പീരിയൻസ് ബിസിനസ് പ്രസിഡന്റും മേധാവിയുമായ ടിഎം റോഹ് പറഞ്ഞു.

ഇന്റലിജന്റ് ടെക്സ്റ്റ്, കോൾ വിവർത്തനങ്ങൾ എന്നിവ ഉപയോഗിച്ച് തടസമില്ലാത്ത ആശയവിനിമയം സാധ്യമാക്കുന്നത് മുതൽ ഗ്യലക്സിയുടെ പ്രോവിഷ്വൽ എഞ്ചിൻ ഉപയോഗിച്ച് സർഗ്ഗാത്മക സ്വാതന്ത്ര്യം പരമാവധിയാക്കുന്നത് മുതൽ ഗാലക്സി ഉപയോക്താക്കൾ അവരുടെ ചുറ്റുമുള്ള ലോകത്തെ എങ്ങനെ കണ്ടെത്തുന്നു എന്നതിനെ മാറ്റുന്ന തിരയലിനായി ഒരു പുതിയ സ്റ്റാൻഡേർഡ് സജ്ജീകരിക്കുന്നത് വരെ ഗാലക്സി എസ് 24 സീരീസിലെ മിക്കവാറും എല്ലാ അനുഭവങ്ങളും എഐ മെച്ചപ്പെടുത്തുന്നുവെന്നും ടിഎം റോഹ് പറഞ്ഞു.

ഗ്യാലക്സി എഐ നിർമ്മിച്ചിരിക്കുന്നത് തങ്ങളുടെ ഇന്നൊവേഷൻ ഹെറിറ്റേജിലും ആളുകൾ അവരുടെ ഫോണുകൾ എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെക്കുറിച്ചുള്ള ആഴത്തിലുള്ള ധാരണയിലും ആണെന്നും ദ്ദേഹം കൂട്ടിച്ചേർത്തു.

# ഭക്ഷ്യസംസ്കരണ മേഖലയിലെ സാന്നിധ്യം ശക്തമാക്കാൻ ലുലു ഗ്രൂപ്പ്

## തെലങ്കാന, മഹാരാഷ്ട്ര, കർണ്ണാടക സർക്കാറുകളുമായിചർച്ച നടത്തി




**ദാവോസ്:** ഇന്ത്യയിലെ ഭക്ഷ്യ സംസ്കരണ മേഖലയിൽ യു.എ.ഇ. ആസ്ഥാനമായ ലുലു ഗ്രൂപ്പ് കൂടുതൽ സാധ്യതകൾ തേടുന്നു. ദാവോസിൽ നടക്കുന്ന ലോക സാമ്പത്തിക ഫോറത്തിൽ വെച്ച് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി വിവിധ സംസ്ഥാന മുഖ്യമന്ത്രിമാരുമായും മന്ത്രിമാരുമായും നടത്തിയ കൂടിക്കാഴ്ചയിലാണ് ഇത് വ്യക്തമാക്കപ്പെട്ടത്.

കർണ്ണാടകയിലെ വിജയപുര ജില്ലയിൽ ഭക്ഷ്യ സംസ്കരണ കേന്ദ്രം സ്ഥാപിക്കാനാണ് ലുലു ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച ചർച്ചകൾ ദാവോസിൽ വെച്ച് കർണ്ണാടക വ്യവസായ മന്ത്രി എം.ബി. പാട്ടീൽ എം.എ. യൂസഫലിയുമായി നടത്തി. വിജയപുരക്ക് പുറമെ കൽബുർഗി, ബീജാപ്പൂർ ഉൾപ്പെടെയുള്ള മറ്റ് ജില്ലകളിലും കാർഷികോത്പ്പന്നങ്ങൾ സംഭരിച്ച് കയറ്റുമതി ചെയ്യാനും ലുലു ഉദ്ദേശിക്കുന്നതായി എം.എ. യൂസഫലി പറഞ്ഞു. 300 കോടി രൂപയുടെ നിക്ഷേപമാണ് ലുലു ഈ രംഗത്ത് ഉദ്ദേശിക്കുന്നത്. നിലവിൽ ബെംഗലൂരിൽ രണ്ട് ലുലു ഹൈപ്പർ മാർക്കറ്റുകളാണ് ഗ്രൂപ്പിനുള്ളത്.മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക് നാഥ് ഷിൻഡെ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി എന്നിവരുമായും യൂസഫലി കൂടിക്കാഴ്ച നടത്തി.

തെലങ്കാനയിൽ ലുലു പ്രഖ്യാപിച്ച പദ്ധതികളുമായി മുന്നോട്ട് പോകുമെന്ന് യൂസഫലി കൂടിക്കാഴ്ചക്കിടെ രേവന്ത് റെഡ്ഢിയെ അറിയിച്ചു. സംസ്ഥാനത്ത് 3,500 കോടി രൂപയുടെ നിക്ഷേപത്തിൽ ഷോപ്പിംഗ് മാൾ, ഭക്ഷ്യ സംസ്കരണ കേന്ദ്രം എന്നിവ ആരംഭിക്കാനാണ് ഗ്രൂപ്പ് വിഭാവനം ചെയ്യുന്നത്.പുതിയ സർക്കാർ എല്ലാ സഹകരങ്ങളും ലുലു ഗ്രൂപ്പിന് നൽകുമെന്നും തെലങ്കാന മുഖ്യമന്ത്രി യൂസഫലിയോട് പറഞ്ഞു. തെലങ്കാനയിലെ ഭരണമാറ്റം സംസ്ഥാനത്തെത്തുന്ന നിക്ഷേപകർക്കോ നിക്ഷേപങ്ങൾക്കോ യാതൊരു പ്രയാസങ്ങളും ഉണ്ടാക്കില്ലെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. വ്യവസായ മന്ത്രി ശ്രീധർ ബാബു ഉയുൾപ്പെടെയുള്ളവർ സംബന്ധിച്ചു.തെലങ്കാനയിലെ ആദ്യത്തെ ലുലു മാൾ ഹൈദരാബാദിൽ കഴിഞ്ഞ വർഷമാണ് പ്രവർത്തനം ആരംഭിച്ചത്. ദാവോസ് സാമ്പത്തിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി വിവിധ രാജ്യങ്ങളിൽ നിന്നും രാഷ്ട്രത്തലവന്മാർ ഉൾപ്പെടെ മൂവായിരത്തിലധികം പ്രതിനിധികളാണ് എത്തിയിട്ടുള്ളത്. അഞ്ച് ദിവസത്തെ ഉച്ചകോടി വെള്ളിയാഴ്ച സമാപിക്കും

# 782.52 കോടി രൂപയുടെ ഒമ്പത് മാസ അറ്റാദായം പുതിയ നേട്ടവുമായി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷം മൂന്നാം പാദത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിന് മികച്ച അറ്റാദായം. 197.19 ശതമാനം വാർഷിക വർധനയോടെ 305.36 കോടി രൂപയാണ് ബാങ്ക് നേടിയ ലാഭം. മുൻ വർഷം ഇതേ കാലയളവിൽ 102.75 കോടി രൂപയായിരുന്നു. 2023 ഡിസംബർ 31ന് അവസാനിച്ച പാദത്തിൽ ബാങ്കിന്റെ പ്രവർത്തന ലാഭം മുൻ വർഷത്തെ 203.24 കോടി രൂപയിൽ നിന്ന് 483.45 കോടി രൂപയായും വർധിച്ചു. 137.87 ശതമാനമാണ് വാർഷിക വളർച്ച.

മൊത്ത നിഷ്ക്രിയ ആസ്തികൾ മുൻ വർഷത്തെ 5.48 ശതമാനത്തിൽ നിന്നും 74 പോയിന്റുകൾ കുറച്ച് 4.74 ശതമാനമാനത്തിലെത്തിച്ചു. അറ്റ നിഷ്ക്രിയ ആസ്തി 65 പോയിന്റുകൾ കുറച്ച് 2.26 ശതമാനത്തിൽ നിന്നും 1.61 ശതമാനമാനത്തിലെത്തിക്കാനും ബാങ്കിനു കഴിഞ്ഞു. ഓഹരികളിന്മേലുള്ള വരുമാനം വാർഷികാടിസ്ഥാനത്തിൽ 6.42 ശതമാനത്തിൽ നിന്നും 16.38 ശതമാനമായി ഉയർന്നു. ആസ്തികളിന്മേലുള്ള വരുമാനം 0.39 ശതമാനത്തിൽ നിന്നും 1.07 ശതമാനമായും വർധിച്ചു. മൂന്നാം പാദത്തിൽ നീക്കിയിരുപ്പ് അനുപാതം 77.97 ശതമാനമാക്കിയും മെച്ചപ്പെടുത്തി. റീട്ടെയ്ൽ നിക്ഷേപങ്ങൾ 7.25 ശതമാനം വർധിച്ച് 95,088 കോടി രൂപയിലെത്തി. പ്രവാസി (എൻ.ആർ.ഐ) നിക്ഷേപം 4.55 ശതമാനം വർധിച്ച് 29,236 കോടി രൂപയിലെത്തി. മുൻ വർഷം ഈ കാലയളവിൽ 27,964 കോടി രൂപയായിരുന്നു ഇത്. മുൻ വർഷത്തെ അപേക്ഷിച്ച് കാസ (കറന്റ് അക്കൗണ്ട് ആന്റ് സേവിങ്സ് അക്കൗണ്ട്) നിക്ഷേപം 2.83 ശതമാനം വർധിച്ചു. സേവിങ്സ് ബാങ്ക് നിക്ഷേപത്തിൽ 2.81 ശതമാനവും കറന്റ് അക്കൌണ്ട് നിക്ഷേപത്തിൽ 2.96 ശതമാനവുമാണ് വർധന.

വായ്പാ വിതരണത്തിൽ 10.80 ശതമാനം വളർച്ച കൈവരിച്ചു. 70,117 കോടി രൂപയിൽ നിന്നും 77,686 കോടി രൂപയിലെത്തി. കോർപറേറ്റ് വായ്പകൾ 34.81 ശതമാനം വാർഷിക വർധനയോടെ 22,174 കോടി രൂപയിൽ നിന്നും 29,892 കോടി രൂപയിലെത്തി. ഈ വിഭാഗത്തിൽ 96 ശതമാനവും ഉയർന്ന റേറ്റിങ് (എ അല്ലെങ്കിൽ അതിനു മുകളിൽ) ഉള്ള അക്കൗണ്ടുകളാണ്. പേഴ്സനൽ വായ്പ 1,609 കോടി രൂപയിൽ നിന്ന് 2186 കോടി രൂപയായും സ്വർണ വായ്പകൾ 13,053 കോടി രൂപയിൽ നിന്ന് 15,369 കോടി രൂപയായും വർധിച്ചു. 17.74 ശതമാനമാണ് സ്വർണ വായ്പകളുടെ വാർഷിക വളർച്ച. 3.77 ലക്ഷത്തിലേറെ ക്രെഡിറ്റ് കാർഡുകളിലൂടെ 1,427 കോടി രൂപയുടെ വായ്പകളും വിതരണം ചെയ്തു. ബാങ്ക് സ്വീകരിച്ചുവരുന്ന തന്ത്രങ്ങൾ ബിസിനസിൽ മികച്ച പ്രകടനം സാധ്യമാക്കുന്നുവെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി. ആർ. ശേഷാദ്രി പറഞ്ഞു. 'കോർപറേറ്റ്, എസ്എംഇ, വാഹന വായ്പ, ക്രെഡിറ്റ് കാർഡ്, പേഴ്സനൽ വായ്പ, സ്വർണ വായ്പ തുടങ്ങി എല്ലാ വിഭാഗങ്ങളിലും ആസ്തി ഗുണമേന്മയിൽ ശ്രദ്ധകേന്ദ്രീകരിച്ചുള്ള വളർച്ച കൈവരിക്കാൻ കഴിഞ്ഞു. ഗുണമേന്മയുള്ള വായ്പാ വളർച്ചയിലൂടെ ലാഭക്ഷമത ഉറപ്പാക്കുക എന്ന തന്ത്രപ്രധാന ലക്ഷ്യത്തിലൂടെ നഷ്ടസാധ്യത കുറഞ്ഞ പുതിയ വായ്പകൾ വിതരണം ചെയ്യാനും കഴിഞ്ഞു,' അദ്ദേഹം പറഞ്ഞു. 15.60 ശതമാനമാണ് ബാങ്കിന്റെ മൂലധന പര്യാപ്തതാ അനുപാതം. ബാങ്കിന്റെ പൂർണ ഉടമസ്ഥതയിലുള്ള എസ്ഐബിഒഎസ്എല്ലിന്റെ സാമ്പത്തിക ഫലങ്ങൾ കൂടി ഉൾപ്പെട്ടതാണ് ബാങ്കിന്റെ ഈ സാമ്പത്തിക ഫലങ്ങൾ.

# ജിഎസ്ടി അടയ്ക്കാൻ ഇനി യുപിഐ, ക്രെഡിറ്റ്, ഡെബിറ്റ് കാർഡ്; സംവിധാനമൊരുക്കി കൊടക് മഹീന്ദ്ര ബാങ്ക്

**മുംബൈ:** തടസ്സമില്ലാത്ത ജിഎസ്ടി പേയ്മെന്റുകൾ യുപിഐ, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ് എന്നിങ്ങനെ ഒന്നിലധികം പേയ്മെന്റ് രീതികളിലൂടെ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച് കൊടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്.

നിലവിലുള്ള നെറ്റ് ബാങ്കിംഗ് സൗകര്യത്തിനു പുറമെയാണ് ഡിജിറ്റൽ പേയ്മെന്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാമ്പത്തിക ഇടപാടുകൾ ലളിതമാക്കുന്നതിനുമുള്ള കേന്ദ്ര സർക്കാർ നയങ്ങളുമായി ചേർന്നു നിൽക്കുന്ന പ്രഖ്യാപനം. തടസ്സമില്ലാതെ ജിഎസ്ടി നികുതി അടയ്ക്കാൻ ജിഎസ്ടി പോർട്ടലിന്റെ 'ഇപേയ്മെന്റി'ൽ നികുതിദായകർക്ക് അനുയോജ്യമായ ഡിജിറ്റൽ പേയ്മെന്റ് രീതി തിരഞ്ഞെടുക്കാനുള്ള സൗകര്യം ലഭ്യമാക്കിയ ഇന്ത്യയിലെ ആദ്യത്തെ ബാങ്കാണ് കൊടക്.കൊടക് മഹീന്ദ്ര ബാങ്ക് ഇന്ത്യയുടെ ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചറിനെ ശക്തമായി പിന്തുണക്കുന്നതോടൊപ്പം ഒന്നിലധികം സംരംഭങ്ങളിലൂടെ ഡിജിറ്റൽ വിപണിയുടെ വളർച്ചയിൽ പങ്കുചേരുന്നു. തടസ്സങ്ങളില്ലാത്തതും വ്യത്യസ്തവുമായ പേയ്മെന്റ് രീതികൾ ഉപയോഗിച്ച്, മറ്റ് ബാങ്കുകളിൽ നിന്നുള്ള ഉപഭോക്താക്കൾക്കും (ചില പേയ്മെന്റ് രീതികൾ മുമ്പ് അനുവദിനീയമല്ലായിരുന്നു) ജിഎസ്ടി പേയ്മെന്റുകൾ കാര്യക്ഷമമായി പൂർത്തിയാക്കാൻ കഴിയും.

കൂടാതെ, കഴിഞ്ഞ വർഷം കേന്ദ്രത്തിന്റെ ജിഎസ്ടി പോർട്ടലുമായി സംയോജിപ്പിച്ചുകൊണ്ട് കൊടക്കിന്റെ നികുതി അടയ്ക്കുന്നതിനുള്ള ഉപയോക്തൃസൗഹൃദ പ്ലാറ്റ്ഫോമും നെറ്റ് ബാങ്കിംഗ് സേവനത്തിലൂടെ ലഭ്യമാക്കി.ലോകമെമ്പാടുമുള്ള രാജ്യങ്ങൾ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന ഡിജിറ്റൽ പേയ്മെന്റ് വിപ്ലവത്തിന് നേതൃത്വം നൽകുന്ന കേന്ദ്ര സർക്കാരിന്റെ ശ്രമങ്ങളെ, അഭിനന്ദിക്കുന്നതായി കൊടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിന്റെ പബ്ലിക് അഫയേഴ്സ് ആൻഡ് ഗവൺമെന്റ് ബിസിനസ്സ് പ്രസിഡന്റ് രാഘവേന്ദ്ര സിംഗ് പറഞ്ഞു. ഒന്നിലധികം ജിഎസ്ടി പേയ്മെന്റ് ഓപ്ഷനുകൾ ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ ബാങ്ക് എന്ന നിലയിൽ ഉപഭോക്താക്കളെ കൂടാതെ എല്ലാ നികുതിദായകർക്കും സുഗമമായ ഉപഭോക്തൃ അനുഭവത്തിലൂടെ ഡിജിറ്റൽ പേയ്മെന്റുകളുടെ ഭാവിയിലേക്ക് വഴിയൊരുക്കുകയാണ് കൊടക് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഐസിഐസിഐ പ്രു ഗ്യാരന്റീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി അവതരിപ്പിച്ചു

**കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ബെനഫിറ്റ് എൻഹാൻസറോടുകൂടിയ ഐസിഐസിഐ പ്രു ഗ്യാരൻറീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി പുറത്തിറക്കി. ഉപയോക്താക്കൾക്ക് പ്രീമിയം വാങ്ങിയ അന്നു മുതൽ എപ്പോൾ വേണമെങ്കിലും അടച്ച പ്രീമിയം 100 ശതമാനം തിരികെ ലഭിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന, ഇൻഷുറൻസ് മേഖലയിലെ ആദ്യത്തെ ആന്വിറ്റി പ്ലാനാണിതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽട്ട അഭിപ്രായപ്പെട്ടു.വിരമിക്കൽ ആസൂത്രണത്തിന് തയ്യാറെടുക്കുന്ന ഉപയോക്താക്കൾക്ക് ഉണ്ടായേക്കാവുന്ന എല്ലാ ആശങ്കകളും പരിഹരിക്കുന്ന സൗകര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പോളിസി ഉടമകൾക്ക് ജീവിച്ചിരിക്കുന്നിടത്തോളം കാലം വരുമാനം ലഭ്യമാകുന്ന സിംഗിൾ ലൈഫ് ഓപ്ഷനോ മരണശേഷം ജീവിത പങ്കാളിക്ക്, കുട്ടികൾക്ക്, മാതാപിതാക്കൾക്ക് അല്ലെങ്കിൽ സഹോദരങ്ങൾക്ക് വരുമാനം ലഭ്യമാകുന്ന ജോയിന്റ് ലൈഫ് ഓപ്ഷനോ തെരഞ്ഞെടുക്കാൻ അവസരമുണ്ട്.ജോയിന്റ് ലൈഫ് ഓപ്ഷനിൽ പോളിസി ഉടമ മരണപ്പെട്ടാൽ പിന്നീടുള്ള എല്ലാ പ്രീമിയവും ഒഴിവാക്കപ്പെടുകയും രണ്ടാം അവകാശിക്ക് ആജീവനാന്ത സ്ഥിര വരുമാനം ലഭിക്കുകയും ചെയ്യും. അപ്രതീക്ഷിത സാമ്പത്തിക ബാധ്യതകൾ മറികടക്കാൻ ഉപയോക്താക്കളെ സഹായിക്കുന്നതിന് ഈ പദ്ധതി വായ്പ സൗകര്യവും നൽകുന്നുണ്ട്.

വിരമിക്കലിന് തയ്യാറെടുക്കുന്നവർ അഭിമുഖീകരിക്കുന്ന സാമ്പത്തിക അനിശ്ചിതത്വം പരിഹരിക്കാൻ രൂപകൽപന ചെയ്തിരിക്കുന്ന ഒരു ഇൻഷുറൻസ് പദ്ധതി അവതരിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്നും അടച്ച പ്രീമിയം 100 ശതമാനം എപ്പോൾ വേണമെങ്കിലും തിരികെ ലഭിക്കുന്ന ഈ പോളിസി ഇൻഷുറൻസ് മേഖലയിൽ തന്നെ വലിയ മാറ്റം കൊണ്ടുവരുമെന്നും അമിത് പാൽട്ട അഭിപ്രായപ്പെട്ടു.

# പാലുൽപാദനം കൂട്ടൽ; ഐഐഎല്ലുമായി ധാരണാപത്രം ഒപ്പിട്ട് കേരള ഫീഡ്സ്

**കൊച്ചി:** കേന്ദ്രസർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡുമായി (ഐഐഎൽ) പൊതുമേഖല കാലത്തീറ്റ ഉത്പാദക സ്ഥാപനമായ കേരള ഫീഡ്സ് ധാരണാപത്രം ഒപ്പിട്ടു. മൃഗമത്സ്യമനുഷ്യവിഭാഗങ്ങളിൽ നിർമ്മിക്കുന്ന ഐഐഐഎൽ ഉത്പന്നങ്ങൾ സംസ്ഥാനത്തുടനീളം വിൽപ്പന നടത്തുന്നതിന് ധാരണാപത്രത്തിലൂടെ കേരള ഫീഡ്സിന് സാധിക്കും. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിൻറെ ഉപ വിഭാഗമാണ് ഐഐഐഎൽ.

ഹൈദരാബാദിലെ ഐഐഐഎൽ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ കേരള ഫീഡ്സ് എം ഡി ഡോ.ബി ശ്രീകുമാറും ഐഐഐഎൽ എംഡി ഡോ. കെ ആനന്ദകുമാറും ധാരണ പത്രത്തിൽ ഒപ്പിട്ടു. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച കോവാക്സീൻ ഉത്പാദിപ്പിച്ചത് ഐഐഐല്ലിൻറെ ഫാകൃറികളിൽ ആയിരുന്നു. ലോകത്ത് പേപ്പട്ടി വിഷത്തിനെതിരായ വാക്സീൻ നിർമ്മിക്കുന്ന ഏറ്റവും വലിയ സ്ഥാപനമാണ് ഐഐഐഎൽ.

ധാരണാപത്രപ്രകാരം ഐഐഐഎല്ലിൻറെ എല്ലാ ഉത്പന്നങ്ങളും കേരള ഫീഡ്സ് സംസ്ഥാനത്തുടനീളം വിൽപ്പന നടത്തും. ആദ്യപടിയെന്ന നിലയിൽ വെറ്റിനറി ഉത്പന്നങ്ങളാണ് വിതരണം ചെയ്യുന്നത്.കന്നുകാലികളിലെ മികച്ചക്ഷീരോത്പാദനം, കൂടിയ അളവ് കൊഴുപ്പ് , മികച്ച രോഗപ്രതിരോധം, മികച്ച പ്രത്യുൽപാദനശേഷി എന്നിവയെല്ലാം ഐഐഐഎല്ലിൻറെ പ്രത്യേകതകളാണ്. കേരള ഫീഡിൻറെ മേൽനോട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലായി തെരഞ്ഞെടുത്ത കേരള ഫീഡ്സ് ഡീലർമാർ വഴിയാണ് ഐഐഐഎൽ ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നത്.കേരള ഫീഡ്സും ഐഐഐഎല്ലും തമ്മിലുള്ള സഹകരണം സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ഏറെ ഗുണം ചെയ്യുമെന്ന്




ഡോ.ബി ശ്രീകുമാർ അഭിപ്രായപ്പെട്ടു. കാലിത്തീറ്റ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ വില ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ കാലിത്തൊക്കൊപ്പം നൽകാവുന്ന ഫുഡ് സപ്ലിമെൻറുകളാണ് ഐഐഐഎൽ വിൽപ്പന നടത്തുന്നത്. ഇതു നൽകുന്നതിലൂടെ പാലുൽപാദനം കൂടുകയും കാലിത്തീറ്റയ്ക്ക് പുറമെ നൽകുന്ന തീറ്റയുടെ ചെലവ് ഗണ്യമായി കുറയ്ക്കാനും സാധിക്കും. അങ്ങിനെ ക്ഷീര വ്യവസായം ലാഭകരമായി മുന്നോട്ടുകൊണ്ടുപോകാൻ കർഷകരെ ഈ ഉൽപ്പന്നങ്ങൾ സഹായിക്കും. സ്വന്തമായി ശീതീകരിച്ച വിതരണ ശൃംഖലയുള്ള അപൂർവ്വം ഉൽപാദകരിലൊന്നാണ് ഐഐഐഎൽ. അതിനാൽ തന്നെ ഗുണമേന്മയിൽ വിട്ടുവീഴ്ചയില്ലാത്ത ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ലഭിക്കുമെന്ന് ഡോ. ശ്രീകുമാർ ചൂണ്ടിക്കാട്ടി.1982 ൽ സ്ഥാപിതമായ ഐഐഐഎല്ലിൻറെ 150 ഓളം ഉൽപ്പന്നങ്ങൾ 50ലേറെ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നുണ്ട്.




# എയർ ഇന്ത്യ എക്സ്പ്രസ് പുതിയ ബോയിംഗ് 7378 വിമാനം പുറത്തിറക്കി

**കൊച്ചി:** പുതിയ ബ്രാൻഡ് ഐഡൻറിറ്റിയുടെ ഭാഗമായി സങ്കീർണ്ണമായ കലംകാരി ഡിസൈനിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട പുതിയ ടെയിൽ ആർട്ടോടുകൂടിയ എയർ ഇന്ത്യ എക്സ്പ്രസിൻറെ ബോയിംഗ് 7378 വിമാനം കേന്ദ്ര വ്യോമയാന മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ അനാവരണം ചെയ്തു.

ഹൈദരാബാദിൽ നടക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ ഏവിയേഷൻ മേളയായ വിങ്സ് ഇന്ത്യ 2024 ൻറെ ഭാഗമായിട്ടായിരുന്നു പുതിയ ടെയിൽ പാറ്റേണോടു കൂടിയ ബോയിംഗ് 7378 വിമാനത്തിൻറെ അനാവരണം സംഘടിപ്പിച്ചത്.വിങ്സ് ഇന്ത്യ ഏവിയേഷൻ മേളയിൽ എയർ ഇന്ത്യ എക്സ്പ്രസിൻറെ നെറ്റ് വർക്ക്, ഇന്നൊവേഷൻ മേഖലകളിലെ വളർച്ച പ്രദർശിപ്പിച്ചിരുന്നു. മേളയുടെ ഭാഗമായി ഫ്ളയിംഗ് ഡിസ്പ്ലെ അവതരിപ്പിച്ച ഏക കൊമേഴ്സ്യൽ എയർലൈനും എയർഇന്ത്യ എക്സ്പ്രസാണ്.കഴിഞ്ഞ ഒക്ടോബറിൽ നടന്ന ബ്രാൻഡ് ലോഞ്ചിൽ, 'പാറ്റേൺസ് ഓഫ് ഇന്ത്യ' എന്ന തീമിൽ പുതിയ വിമാനങ്ങളുടെ വേരിയബിൾ ടെയിൽ ഫിൻ ഡിസൈനിൻറെ സമകാലിക പതിപ്പ് എയർ ഇന്ത്യ എക്സ്പ്രസ് അവതരിപ്പിച്ചിരുന്നു. പുരാണ കഥാപാത്രങ്ങൾ, ഇതിഹാസ രംഗങ്ങൾ, സസ്യജന്തുജാലങ്ങൾ എന്നിവയുൾപ്പെടെ സങ്കീർണ്ണവും വിശദവുമായ രൂപങ്ങളാണ് കലംകാരി ശൈലിയിൽ പലപ്പോഴും അവതരിപ്പിക്കപ്പെടുന്നത്. ഫ്രീഹാൻഡ് ഡ്രോയിംഗിലോ ബ്ലോക്ക് പ്രിൻറിംഗിലോ ഉള്ള മികച്ച രൂപരേഖകളും വിശദാംശങ്ങളും കലംകാരി പാറ്റേണുകളിൽ ലഭിക്കും.

എയർ ഇന്ത്യ എക്സ്പ്രസിൻറെ ഒൻപതാമത് ബോയിംഗ് 7378 വിമാനമാണ് പുതിയ കലംകാരി ടെയിൽ പാറ്റേണോടുകൂടി എത്തുന്നത്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ ആധുനികവും ഇന്ധനക്ഷമതയുള്ളതുമായ 41 ബോയിംഗ് 7378 വിമാനങ്ങൾ കൂടി തങ്ങളുടെ നിരയിലേക്ക് ചേർക്കാനാണ് എയർ ഇന്ത്യ എക്സ്പ്രസ് ലക്ഷ്യമിടുന്നത്.ഇന്ത്യയുടെ അതുല്യമായ ഊഷ്മളതയും സാംസ്കാരിക സമ്പന്നതയും ഉപയോഗിച്ച് ഏറ്റവും മികച്ച ഉപഭോക്തൃ സേവനം ലഭ്യമാക്കാനാണ് എയർ ഇന്ത്യ എക്സ്പ്രസ് ശ്രമിക്കുന്നതെന്ന് എയർ ഇന്ത്യ എക്സ്പ്രസ് മാനേജിംഗ് ഡയറക്ടർ അലോക് സിംഗ് പറഞ്ഞു. രാജ്യത്തിൻറെ വൈവിധ്യമാർന്ന സാംസ്കാരിക പൈതൃകം എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങളുടെ ടെയിൽ ആർട്ടിലൂടെ ആഘോഷിക്കാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയുടെ പ്രതീകമാണ് കലംകാരി പ്രമേയമാക്കിയ പുതിയ ബോയിംഗ് 7378 വിമാനമെന്നും അദ്ദേഹം പറഞ്ഞു.

# സർട്ടിഫിക്കേഷൻ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു

**കൊച്ചി :** എൻപിടിഇഎൽഐഐടി മദ്രാസ് ജനുവരി ഏപ്രിൽ 2024 സെമെസ്റ്ററിലേക്കുള്ള ഓൺലൈൻ സർട്ടിഫിക്കേഷൻ കോഴ്സുകൾക്കായുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. എഞ്ചിനീയറിംഗ്, സയൻസ്, ഹ്യുമാനിറ്റീസ്, മാനേജ്മെന്റ് വിഷയങ്ങളിലായി 720ൽ പരം കോഴ്സുകൾ ലഭ്യമാണ്. വിദ്യാർത്ഥികൾക്ക് 'സ്വയം' പോർട്ടൽ, എൻപിടിഎൽ പോർട്ടലുകൾ വഴി സൗജന്യമായി കോഴ്സിന് അപേക്ഷിക്കാം. അപേക്ഷിക്കാനുള്ള അവസാന തീയതി ഫെബ്രുവരി 1 ആണ്.എൻപിടിഎൽ താങ്ങാവുന്നതും സർട്ടിഫൈ ചെയ്തതുമായ ഓൺലൈൻ വിദ്യാഭ്യാസം വലിയ തോതിൽ പ്രാപ്തമാക്കിയിട്ടുണ്ടെന്ന് ഐഐടി മദ്രാസ് കോഓർഡിനേറ്റർ ആയ പ്രൊഫ. ആൻഡ്രൂ തങ്കരാജ് പറഞ്ഞു.1000 രൂപയാണ് സർട്ടിഫിക്കേഷൻ പരീക്ഷ എഴുതാനുള്ള ഫീസ്. ഇതുവരെ എൻപിടിഇഎൽ കോഴ്സുകൾക്ക് 2.5 കോടിയിലധികം പഠിതാക്കൾ ചേർന്നിട്ടുണ്ട്. ഈ സെമസ്റ്ററിൽ പ്ലാനിംഗ് ആൻഡ് ആർക്കിടെക്ചറൽ സ്റ്റഡീസിനുള്ള റിസർച്ച് മെഥോഡോളജി, കംപ്യൂട്ടേഷണൽ ജെനോമിക്സ്, സ്ട്രക്ചറൽ വൈബ്രേഷൻ, അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്കൽ തെർമോഡൈനാമിക്സ്, ഗെയിംസ് ആൻഡ് ഇൻഫർമേഷൻ, എക്സ്പെരിമെന്റൽ റോബോട്ടിക്സ് പോലുള്ള വിഷയങ്ങളിൽ പുതിയ കോഴ്സുകൾ ഉണ്ടാകും.ജനുവരി ഏപ്രിൽ 2024 സർട്ടിഫിക്കേഷൻ കോഴ്സുകളിൽ ചേരുന്നതിനുള്ള അവസാന തീയതി ഫെബ്രുവരി 19ആണ്.

# നിക്ഷേപങ്ങളുടെ പലിശനിരക്കു വർധിപ്പിച്ച് ഫെഡറൽ ബാങ്ക്

FEDERAL BANK
YOUR PERFECT BANKING PARTNER

**കൊച്ചി:** റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി വിവിധ സ്ഥിരനിക്ഷേപങ്ങൾക്കുള്ള പലിശനിരക്കുകൾ ബുധനാഴ്ച മുതൽ ഫെഡറൽ ബാങ്ക് വർദ്ധിപ്പിച്ചു. 500 ദിവസത്തേയ്ക്കുള്ള നിക്ഷേപങ്ങൾക്ക് റസിഡന്റ് സീനിയർ സിറ്റിസൻസിന് ലഭിക്കുന്ന പലിശനിരക്ക് 7.75 ശതമാനത്തിൽ നിന്ന് 8 .25 ശതമാനമായാണ് വർദ്ധിപ്പിച്ചിരിക്കുന്നതെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി.കൂടാതെ, കാലാവധിയ്ക്ക് ശേഷം മാത്രം പിൻവലിക്കാവുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് 500 ദിവസത്തേയ്ക്ക് ലഭിക്കുന്ന പലിശനിരക്ക് 7.90 ആയി ഉയർത്തി. മുതിർന്ന പൗരന്മാർക്ക് ഇതേ കാലയളവിലേക്ക് പരമാവധി 8.40 ശതമാനം വരെ പലിശ ലഭിക്കുന്നതാണ്.

# കെൽട്രോണിൽ ജേണലിസം കോഴ്സിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** കെൽട്രോൺ നടത്തുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ജേണലിസം കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കോഴിക്കോട്, തിരുവനന്തപുരം കേന്ദ്രങ്ങളിൽ ജനുവരി 25 വരെ അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി 30 വയസ്. പഠനത്തോടൊപ്പം മാധ്യമ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് അവസരം ലഭിക്കും. പ്ലേസ്മെന്റ് അസിസ്റ്റന്റും നൽകും. വിലാസം: കെൽട്രോൺ നോളജ് സെന്റർ, തേർഡ് ഫ്ളോർ, അംബേദ്കർ ബിൽഡിംഗ് റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ്, കോഴിക്കോട് 673002, കെൽട്രോൺ നോളജ് സെന്റർ, സെക്കന്റ് ഫ്ളോർ, ചെമ്പിക്കളം ബിൽഡിംഗ്, ബേക്കറി ജംഗ്ഷൻ, വഴുതക്കാട്, തിരുവനന്തപുരം 695 014. ഫോൺ: 9544958182.

# കേരള പ്ലാന്റേഷൻ എക്സ്പോയ്ക്ക് നാളെ തുടക്കം




**കൊച്ചി:** തോട്ടം മേഖലയുടെ സമഗ്ര വളർച്ചയ്ക്കും മൂല്യവർധിത ഉത്പന്നങ്ങൾക്ക് പുതിയ വിപണി കണ്ടെത്തുന്നതും ലക്ഷ്യമിട്ട് സംസ്ഥാന വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്ലാന്റേഷൻ ഡയറക്ടറേറ്റ് സംഘടിപ്പിക്കുന്ന കേരള പ്ലാന്റേഷൻ എക്സ്പോയ്ക്ക് നാളെ(ജനുവരി 20 ശനി) തുടക്കമാകും.

കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മൂന്ന് ദിവസങ്ങളിലായി എക്സ്പോ നടക്കുന്നത്.പ്ലാന്റേഷൻ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കൊപ്പം ഈ മേഖലയിലുള്ളവർക്കായി പ്രത്യേക ബിസിനസ് ടു ബിസിനസ് മീറ്റും എക്സ്പോയോടനുബന്ധിച്ച് ഒരുക്കുന്നുണ്ട്. നാളെ രാവിലെ 10.30 ന് നിയമവ്യവസായകാര്യ വകുപ്പ്മന്ത്രി ശ്രീ പി രാജീവ് എക്സ്പോ ഉദ്ഘാടനം ചെയ്യും. ടി ജെ വിനോദ് എംഎൽഎ അധ്യക്ഷനാകും.രാജ്യത്തെ ആകെ തോട്ടം മേഖലയുടെ 40 ശതമാനം കേരളത്തിലാണുള്ളത്. കേരളത്തിൻറെ പ്രധാനവരുമാന സ്രോതസ്സിനൊപ്പം വലിയൊരു തൊഴിൽദാതാവ് കൂടിയാണ് ഈ മേഖല. തോട്ടം മേഖലയുടെ സമഗ്രവികസനത്തിന് ലക്ഷ്യം വച്ചുകൊണ്ട് പ്ലാന്റേഷൻ നയം സംസ്ഥാനസർക്കാർ പ്രഖ്യാപിക്കാനൊരുങ്ങുകയാണ്.

പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി കോഴിക്കോട് ഐഐഎമ്മിനെ വ്യവസായവകുപ്പ് ചുമതലപ്പെടുത്തിയിരുന്നു. രണ്ട് മാസത്തിനുള്ളിൽ ഈ റിപ്പോർട്ട് ലഭിക്കും. തുടർന്ന് സമഗ്രനയം പ്രഖ്യാപിക്കാനാണ് സർക്കാർ ഒരുങ്ങുന്നത്.സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിരിക്കുന്ന പ്ലാന്റേഷനുകൾ , തോട്ടം ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും വിതരണക്കാർ , തോട്ടം മേഖലയിലെ സേവനദാതാക്കൾ , തോട്ടം മേഖലയുമായി ബന്ധപ്പെട്ട കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, എന്നിവരുടെ സ്റ്റാളുകളും തോട്ടം മേഖലയിലെ മൂല്യവർധന പ്രവർത്തനങ്ങളുടെ തത്സമയ അവതരണവും സജ്ജീകരിക്കുന്നു. രാവിലെ ഒമ്പത് മണിമുതൽ രാത്രി 11 മണി വരെ തുറന്ന് പ്രവർത്തിക്കുന്ന പ്രദർശനത്തിൽ പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യം ആയിരിക്കും.

# എറണാകുളം ജനറൽ ആശുപത്രി ഡയാലിസിസ് ബ്ലോക്ക് ഉദ്ഘാടനം ഇന്ന്

**കൊച്ചി:** രാജ്യത്തെ തന്നെ സർക്കാർ സ്വകാര്യ മേഖലയിലെ ഏറ്റവും വലിയ ഡയാലിസിസ് യൂണിറ്റാണ് എറണാകുളം ജനറൽ ആശുപത്രിയിൽ ഒരുങ്ങിയിരിക്കുന്നത്.

ജനുവരി 19 വെള്ളിയാഴ്ച വൈകിട്ട് അഞ്ചിന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം നിർവഹിക്കും. ചടങ്ങിൽ നടൻ മമ്മൂട്ടി മുഖ്യാതിഥിയാകും. ടി.ജെ വിനോദ് എം.എൽ.എ അധ്യക്ഷത വഹിക്കും. ഹൈബി ഈഡൻ എം.പി സ്വാഗതം പറയും. മേയർ അഡ്വ എം. അനിൽ കുമാർ മുഖ്യപ്രഭാഷണം നടത്തും. ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് സന്ദേശം നൽകും.

അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 54 ഡയാലിസിസ് മെഷീനുകൾ, 54 കൗച്ചുകൾ, മൾട്ടിപാരമീറ്ററുകൾ, ആറ് നഴ്സിങ്ങ് സ്റ്റേഷനുകൾ മൂന്ന് ഹെൽപ്പ് ഡസ്കുകൾ, 12 സ്ക്രബ്ബ് ഏരിയ, 300 ഡയലൈസറുകൾ തുടങ്ങിയ സൗകര്യങ്ങൾ സജ്ജമാണ്. രോഗികളുടെ മാനസിക ഉല്ലാസത്തിനായി 18 ടിവികൾ, സ്റ്റോറുകൾ തുടങ്ങിയ എല്ലാ സൗകര്യങ്ങളും കെട്ടിടത്തിൽ ഒരുക്കിയിട്ടുണ്ട്. 2017 18 കാലയളവിൽ ഹൈബി എം പിയുടെ പ്രാദേശിക വികസന ഫണ്ട് 2കോടി രൂപ , ആശുപത്രി വികസന സമിതി ഫണ്ട്, സി.എസ്.ആർ.ഫണ്ട് എന്നിവ ഉപയോഗിച്ചുകൊണ്ട് എട്ട് കോടി രൂപ വകയിരുത്തിയാണ് പുതിയ ബ്ലോക്കിലെ നിർമ്മാണം പൂർത്തിയായിരിക്കുന്നത്.

# നവീകരിച്ച മീറ്റർ ടെസ്റ്റിങ് ആൻഡ് സ്റ്റാൻഡേർഡ് ലബോറട്ടറി ഉദ്ഘാടനം ഇന്ന്

**പാലക്കാട്:**ജില്ലയിൽ നവീകരിച്ച മീറ്റർ ടെസ്റ്റിങ് ആൻഡ് സ്റ്റാൻഡേർഡ് ലബോറട്ടറിയുടെ ഉദ്ഘാടനവും വൈദ്യുതി സുരക്ഷാ സെമിനാറും ജനുവരി 19 ന് രാവിലെ 10 ന് പാലക്കാട് എലഗന്റ് പബ്ലിക് സ്കൂളിന് എതിർവശത്തുള്ള മുഹമ്മദ് ബാഗ് ഇവന്റ് സെന്ററിൽ വൈദ്യുത വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിക്കും. ഷാഫി പറമ്പിൽ എം.എൽ.എ അധ്യക്ഷനാകും. കാളിറ്റി കൺട്രോൾ പോസ്റ്റർ വി.കെ ശ്രീകൺഠൻ എം.പി പ്രകാശനം ചെയ്യും. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേഡ്സ് എറണാകുളം ബ്രാഞ്ച് ഓഫീസ് ജോയിന്റ് ഡയറക്ടർ എസ്. റിനോ ജോൺ കാളിറ്റി കൺട്രോൾ ബോധവത്കരണ ക്ലാസ് നയിക്കും. പാലക്കാട് അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പി. നൗഫൽ അനധികൃത വയറിങ്, ലൈസൻസിങ് ബോർഡ് ബോധവത്കരണ ക്ലാസെടുക്കും.

എനർജി മീറ്റർ ടെസ്റ്റിങ് സിംഗിൾ ഫേസ്, ത്രീ ഫേസ്, ടി.ഒ.ഡി മീറ്ററുകൾ, റിലേ ടെസ്റ്റിങ്, സിറ്റി ടെസ്റ്റിങ്, ഇൻസുലേഷൻ ടെസ്റ്റർ/ എർത്ത് ടെസ്റ്റർ/ടോങ് ടെസ്റ്റർ/ മൾട്ടി മീറ്റർ ടെസ്റ്റിങ്, ഇലക്ട്രിക് ഫെൻസ് എനർജെയ്സർ ടെസ്റ്റിങ് എന്നീ സേവനങ്ങളാണ് മീറ്റർ ടെസ്റ്റിങ് ആൻഡ് സ്റ്റാൻഡേർഡ് ലാബിൽ ഒരുക്കിയിരിക്കുന്നത്. ഒരേ സമയം 10 എനർജി മീറ്ററുകൾ ടെസ്റ്റ് ചെയ്യുന്നതിനുള്ള ടെസ്റ്റ് ബെഞ്ചാണ് സ്ഥാപിച്ചിരിക്കുന്നത്.

പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ, കെ.എസ്.ഇ.ബി.എൽ സ്വതന്ത്ര ഡയറക്ടർ വി. മുരുകദാസ്, നഗരസഭ വാർഡ് കൗൺസിലർ പി. വിജയലക്ഷ്മി, കെ.എസ്.ഇ.ബി പാലക്കാട് ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എൻജിനീയർ കെ. കെ ബൈജു, പാലക്കാട് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ കെ.ടി സന്തോഷ്, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജി. വിനോദ് എന്നിവർ സംസാരിക്കും.

# മലമ്പുഴ ഉദ്യാനത്തിൽ പുഷ്പമേള 23 മുതൽ

**പാലക്കാട്:** ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെയും ജലസേചന വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ജനുവരി 23 മുതൽ 28 വരെ മലമ്പുഴ ഉദ്യാനത്തിൽ പുഷ്പമേള സംഘടിപ്പിക്കും. പ്രത്യേകതരം ഫ്ളവർ ബഡ്സ്, വിവിധതരം പൂക്കൾ ഉൾപ്പെടുത്തി ഉദ്യാനം, ഓർക്കിഡ് ഫാം തുടങ്ങിയവ സജ്ജീകരിക്കും. ഉദ്യാനത്തിലെ തൊഴിലാളികൾ നട്ടുവളർത്തിയ ഓർക്കിഡ്, നാടൻ പൂക്കൾ എന്നിവ നിലവിൽ പ്രദർശനത്തിനൊരുക്കിയിട്ടുണ്ട്. സീനിയ, വിവിധ നിറത്തിലുള്ള ചെണ്ടുമല്ലി, റോസുകൾ, ഡെലീഷ്യ, കോസ്മോസ്, ഡാലിയ, സാൽവിയ, വാടാമല്ലി, ജമന്തി തുടങ്ങി 30 ഓളം വൈവിധ്യമാർന്ന പൂക്കളാണ് പ്രദർശിപ്പിച്ചിട്ടുള്ളത്. ഉദ്യാനത്തിന്റെ മുൻവശത്ത് ഓർക്കിഡും മറ്റിടങ്ങളിൽ നാടൻപൂക്കളുമാണ് സജ്ജീകരിച്ചത്. ഒക്ടോബർ മുതൽ തൊഴിലാളികൾ നട്ടുവളർത്തിയ ചെടികളാണ് പ്രദർശിപ്പിച്ചിട്ടുള്ളത്.

പുഷ്പമേളക്ക് ആകർഷകമായി മലമ്പുഴ ആശ്രമം സ്കൂൾ, മലമ്പുഴ ലീഡ് കോളെജ്, മുണ്ടൂർ യുവക്ഷേത്ര കോളെജ്, ചിറ്റൂർ ഗവ കോളെജ് എന്നിവിടങ്ങളിൽ നിന്നുള്ള 16 വിദ്യാർത്ഥികൾ ഉദ്യാനത്തിനകത്ത് ചുമർചിത്രങ്ങൾ ഒരുക്കുന്നുണ്ട്. മേളയിൽ സ്വകാര്യ നഴ്സറികളിലെ പൂക്കളുടെ പ്രദർശനവും വിൽപ്പനയും ഉണ്ടായിരിക്കും. പാലക്കാടിന്റെ തനത് വിഭവങ്ങളും ഗോത്ര വിഭവങ്ങളും ഉൾപ്പെടുത്തി ഹരിതചട്ടം പാലിച്ച് ഭക്ഷ്യമേളയും സംഘടിപ്പിക്കും. ഉദ്യാനം സന്ദർശിക്കാൻ എത്തുന്നവർക്ക് ഗാനങ്ങൾ ആലപിക്കുന്നതിനായി പാട്ടുപുരയും ഒരുക്കും.

# പ്രവാസിസമൂഹത്തെ വികസനത്തിനു പ്രയോജനപ്പെടുത്തും: മുഖ്യമന്ത്രി

**തിരുവല്ല:** പ്രവാസിസമൂഹത്തെ സംസ്ഥാനത്തിൻറെ ക്ഷേമത്തിനും വികസനത്തിനുമായി പ്രയോജനപ്പെടുത്തുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവല്ലയിൽ എകെജി പഠനകേന്ദ്രവും പത്തനംതിട്ട വി.എസ്. ചന്ദ്രശേഖരപിള്ള പഠന ഗവേഷണ കേന്ദ്രവും സംയുക്തമായി സംഘടിപ്പിച്ചിട്ടുള്ള മൈഗ്രേഷൻ കോൺക്ലേവിൻറെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തെ സാമ്പത്തികമായി ഞെരുക്കാനുള്ള ബോധപൂർവമായ ശ്രമം നടക്കുന്നതായി നാടിനാകെ ബോധ്യപ്പെട്ടിട്ടുണ്ടെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഏതു വെല്ലുവിളിയെയും നേരിടും എന്ന നിശ്ചയദാർഢ്യത്തോടെ മുന്നോട്ടുപോകേണ്ടതുണ്ട്. അതിനു സഹായകരമാകുന്ന ആശയങ്ങൾ ഇത്തരം കോൺക്ലേവിൽ ഉയർന്നുവരണമെന്നും അദ്ദേഹം പറഞ്ഞു.

കേരള ഇൻറർനാഷണൽ സ്റ്റഡീസ് ചെയർമാൻ എസ്. രാമചന്ദ്രൻപിള്ള അധ്യക്ഷത വഹിച്ചു.

സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ, മാത്യു ടി. തോമസ് എംഎൽഎ, ജോസ് കെ. മാണി എംപി, കെ.പി. ഉദയഭാനു, കെ.വി.അബ്ദുൾ ഖാദർ, എ. പത്മകുമാർ, റോഷൻ റോയ് മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

മന്ത്രിമാരായ വീണാ ജോർജ്, പി. പ്രസാദ്, നോർക്ക റൂട്ട്സ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

മൈഗ്രേഷൻ കോൺക്ലേവിലെ വികസന സംവാദം ഇന്നു രാവിലെ ഏഴു മുതൽ തിരുവല്ലയിലെ നാലു വേദികളിൽ നടക്കും. വയോജന സംരക്ഷണം, ഉന്നത വിദ്യാഭ്യാസത്തിനു പിന്തുണ, നൈപുണി പരിശീലനം, സംരംഭകത്വ വികസനം എന്നിവയാണ് സംവാദ വിഷയങ്ങൾ.

ഓരോവിഷയവും വിവിധ സമയങ്ങളിലാണ് ക്രമീകരിക്കുന്നത്. മന്ത്രിമാരായ സജി ചെറിയാൻ, വി.എൻ. വാസവൻ, ജി.ആർ. അനിൽ എന്നിവർ ഇന്നു നടക്കുന്ന സംവാദങ്ങൾ ഉദ്ഘാടനം ചെയ്യും. സംവാദം നാളെയും തുടരും. ഞായറാഴ്ച തിരുവല്ല മാർത്തോമ്മ കോളജിൽ വിവിധ വിഷയങ്ങളുടെ അവതരണവും ചർച്ചയും നടക്കും.

# ഉത്പാദനക്കുറവ്, വിലത്തകർച്ച; നാളികേര കർഷകർ പ്രതിസന്ധിയിൽ

**കേളകം:** തുടർച്ചയായുള്ള വിലത്തകർച്ചയും ഉത്പാദനത്തിലെ ഗണ്യമായ കുറവും നാളികേര കർഷകരെ കടുത്ത പ്രതിസന്ധിയിലാക്കുന്നു. കഴിഞ്ഞവർഷം വേനൽ ജൂൺ വരെ നീണ്ടുനിന്നതും വേനൽമഴ ലഭിക്കാതിരുന്നതുമാണ് ഉത്പാദനക്കുറവ് പ്രധാനകാരണമായി കർഷകർ പറയുന്നത്. മാത്രമല്ല പുതിയ നാളികേരം ഉണ്ടാകാത്തതും പ്രതിസന്ധി രൂക്ഷമാക്കുന്നു.

മാസങ്ങളായി 20 മുതൽ 26 വരെയായിരുന്ന നാളികേരവില ഈ അടുത്തിടെയാണ് നാലു രൂപ വർധിച്ച് 30 രൂപയിലെത്തിയത്. നാളികേരത്തിന് കടുത്തക്ഷാമം നേരിടുമ്പോഴും വില ഉയരാത്തത് അന്യസംസ്ഥാനങ്ങളിൽനിന്ന് കൊപ്രയും വെളിച്ചെണ്ണയും യഥേഷ്ടം കേരളത്തിലേക്ക് എത്തുന്നത് കൊണ്ടാണെന്ന് വ്യാപാരികളും കർഷകരും പറയുന്നു. തദ്ദേശീയ കൊപ്രയിൽനിന്ന് വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്ന പല മില്ലുകളും ഇപ്പോൾ കടുത്ത പ്രതിസന്ധിയിലാണ്.

പല മില്ലുകളും കൊപ്ര ലഭ്യമല്ലാത്തതിനാൽ അടച്ചുപൂട്ടുന്ന സ്ഥിതിയുണ്ട്. നിലവിൽ പ്രവർത്തിക്കുന്ന മില്ലുകളിൽ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് പകുതി ഉത്പാദനം മാത്രമേ നടത്താൻ കഴിയുന്നുള്ളൂ. എന്നിരുന്നാലും വെളിച്ചെണ്ണയ്ക്ക് മാർക്കറ്റിൽ വില വർധിക്കുന്നില്ല. മാർക്കറ്റ് വില ഇപ്പോഴും കിലോഗ്രാമിന് 156 രൂപയാണ്.

നാളികേരത്തിന് മാന്യമായ വില ലഭിക്കാത്തതിനാൽ കർഷകർ പലരും കൃഷിയിൽ നിന്ന് പിന്തിരിഞ്ഞു കഴിഞ്ഞു. പലരും തെങ്ങിന് കാര്യമായ പണികളോ വളമിടിയിലോ നടത്താറില്ലെന്ന് പറയുന്നു. പണിക്കൂലിയും തെങ്ങുകയറ്റ കൂലിയും വർധിച്ചു. ഉച്ചവരെ പണിയെടുക്കുന്നതിന് 600 മുതൽ 700 വരെ കൂലി നിലവിലുണ്ട്.

